ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ട്.

(ബി) അക്കാര്യം ആലോചനയിൽ ഇരിക്കുകയാണ്.

(സി) ആവശ്യമെന്നു കണ്ടാൽ അക്കാര്യവും ആലോചിക്കുന്നതായിരിക്കും.

വഞ്ചിപണിയുന്നതിനു് മരം.

* 661. [52] ശ്രീ. കെ. പി. ഗോപാലമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഞ്ചിപണിയുന്നതിനുള്ള മരം മത്സ്യത്തൊഴിലാളികൾക്കു് മലയിൽനിന്നു് കൺസഷൻ റേറ്റിൽ കൊടുക്കുന്നതിനു് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ആനുകൂല്യം ഉപയോഗിച്ചു് ഉണ്ടാക്കിയിട്ടുള്ള വഞ്ചികൾ എത്ര ;

(സി) മലയിൽനിന്നു് മരംവെട്ടിയെടുത്തു് വഞ്ചി പണിയിക്കുന്നതിനു് മത്സ്യത്തൊഴിലാളികൾക്കുള്ള പ്രായോഗികമായ ബുദ്ധിമുട്ടു് ഗവണ്മെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തീരപ്രദേശത്തിൽ ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കു് തീരപ്രദേശങ്ങളിലുള്ള ഗവണ്മെൻറ് ഡിപ്പോകളിൽനിന്നു് വഞ്ചി പണിയിക്കുന്നതിനു് ആവശ്യമായ മരം കൺസഷൻ റേറ്റിനു് നൽകാൻ ഏർപ്പാടു ചെയ്യുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ടു്.

(ബി) 1949-നുശേഷം 323 വഞ്ചികൾക്കും, 51 കട്ടമരങ്ങൾക്കുമുള്ള തടി നൽകിയിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) ചെയ്തിട്ടുണ്ടു്.

കാർഷികകാളേജു്.

* 662. [54] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഒരു കാർഷിക കാളേജു് തുടങ്ങുന്ന കാര്യത്തെപ്പറ്റി ഈ ഗവണ്മെൻറ് എന്തെങ്കിലും തീരുമാനിച്ചിട്ടുണ്ടോ

(ബി) ഉണ്ടെങ്കിൽ ഈ കാളേജിൻറെ പ്രവർത്തനം എന്നാരംഭിക്കും ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഉണ്ടു്.

(ബി) അടുത്ത വിദ്യാലയവർഷം മുതൽ ആരംഭിക്കണമെന്നാണു് ആലോചിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly